അജയ് കുമാർ എ.
വനം-മൃഗസംരക്ഷണം-ക്ഷീരവികസനം-മൃഗശാല
വകുപ്പുമന്ത്രിയുടെ അസിസ്റ്റന്റ്
പ്രൈവറ്റ് സെക്രട്ടറി
കേരളം

അഞ്ചാം നില, അനക്സ്-II
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

ഫോൺ ഓഫീസ് : 0471-2335366
0471-2518989
മൊബൈൽ : 9846773300
ഇ-മെയിൽ : ajayavalaaiyf@gmail.com

തീയതി.............................

പ്രസിദ്ധീകരണത്തിന്

2018 ജൂലൈ 18

## കാലവർഷക്കെടുതിയിൽ
## മൃഗങ്ങളുടെ നഷ്ടം - പ്രത്യേകം കണക്കെടുക്കും

-അഡ്വ.കെ.രാജു

കാലവർഷക്കെടുതിയിൽ കന്നുകാലികൾക്കും മറ്റ് വളർത്തു മൃഗങ്ങൾക്കും സംഭവിച്ച നഷ്ടം തിട്ടപ്പെടുത്താൻ ക്ഷീരവികസന -മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ.രാജു ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഇത് സംബന്ധിച്ച റിപ്പോർട്ട് കിട്ടിയാലുടൻ ആശ്വാസ നടപടികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കും. വെള്ളപ്പൊക്കത്തെ തുടർന്ന് കന്നുകാലികൾ ചത്തുപോവുകയും ചില പ്രദേശങ്ങളിൽ തീറ്റ പോലും ലഭിക്കാതെ ഒറ്റപ്പെട്ടു പോവുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശങ്ങൾ പലയിടങ്ങളിലും വെള്ളത്തിനടിയിലായതു കാരണം സംഘങ്ങൾ മുഖേനയുള്ള പാൽശേഖരണത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്താൻ വകുപ്പ് സെക്രട്ടറി അനിൽ സേവ്യറിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേരും. ക്ഷീരവികസന വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ഡയറക്ടർമാർ, മിൽമ എം.ഡി തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

സംസ്ഥാനത്ത് എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കന്നുകാലികൾക്ക് കുളമ്പ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജില്ലാതല ഉദ്യോഗസ്ഥർ കൂടി പങ്കെടുക്കുന്ന ഇന്ന് ചേരുന്ന ഉന്നതതല യോഗം ചർച്ച ചെയ്യും. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള ജനകീയ ഇടപെടലുകൾക്കായി കർമ്മസമിതികൾ രൂപീകരിക്കും.

അജയ്കുമാർ.എ